# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3767** **19.03.2018 ൽ മറുപടിക്ക്**

### ഒറ്റപ്പാലം ഇൻഡോർ സ്റ്റേഡിയം

| ചോദ്യം<br>ശ്രീ.പി.ഉണ്ണി | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഒറ്റപ്പാലത്ത് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി സർക്കാർ എന്നാണ് ഭരണാനുമതി നല്കിയത്; എത്ര തുകയുടെ ഭരണാനുമതിയാണ് നല്കിയത്; | (എ) 24.06.2011 തീയതിയിലെ ജി.ഒ.(ആർ.ടി)നമ്പർ 8534/2011/പി.ഡബ്ല്യൂ.ഡി ഉത്തരവ് പ്രകാരം ഒറ്റപ്പാലത്ത് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 500 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത ഭരണാനുമതി പിന്നീട് പുതുക്കി നല്കുകയുണ്ടായോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) ഇല്ല. |
| (സി) നിർദ്ദിഷ്ട ഒറ്റപ്പാലം ഇൻഡോർ സ്റ്റേഡിയം പണിയുന്നതിനായി ഏതു സ്ഥലമാണ് നീക്കിവച്ചിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ; | (സി) ഒറ്റപ്പാലം കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്റ്റിന്റെ സ്ഥലമാണ് നിർദ്ദിഷ്ട ഇൻഡോർ സ്റ്റേഡിയം പണിയുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ആയത് ഒറ്റപ്പാലം-1 വില്ലേജിലെ കെ.പി.ഐ.പി കോമ്പൗണ്ടിലെ 60/10, 60/2 എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 84 സെന്റ് സ്ഥലമാണ്. |
| (ഡി) ഒറ്റപ്പാലം-1 വില്ലേജിലെ കണ്ണിയംപുറത്തുള്ള കെ.പി.ഐ.പി കോംപൗണ്ടിലെ 60/10, 60/2 എന്നീ സർവ്വെ നമ്പരുകളിലായി കിടക്കുന്ന 84 സെന്റ് സ്ഥലം, മൈനർ ഇറിഗേഷൻ (കെ.പി.ഐ.പി) വകുപ്പിൽ നിന്നും സ്റ്റേഡിയം പണിയുന്നതിലേക്കായി വിട്ടുകിട്ടുന്നതിനായി പൊതുമരാമത്ത് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ? | (ഡി) ഈ സ്ഥലം ലഭ്യമാകുന്നതിന് കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്റ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിന് 31.12.2016-ൽ കത്ത് നൽകിയിട്ടുണ്ട്. തുടർനടപടികൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ